DESPATCHED
On 13/01/2020

# സംസ്ഥാന വിവരാവകാശ കമ്മീഷൻ കേരളം,
## തിരുവനന്തപുരം 695 001

ഫോൺ: 0471 2335199, ഫാക്സ്: 0471 2330920
E-mail: sic@kerala.nic.in

**ഹർജി നമ്പർ AP No.2407(4)/2015/എസ്.ഐ.സി.**

തീർപ്പു കൽപ്പിച്ചുകൊണ്ടുള്ള നടപടിക്രമം

(ഫയൽ നം.9768/എസ്.ഐ.സി–ജി 2/2015)

ശ്രീ. കെ.വി. സുധാകരൻ, സംസ്ഥാന വിവരാവകാശ കമ്മീഷണർ

ശ്രീ. കെ.കെ.സുഗതദാസ്,
ബി–114, ജലവായുവിഹാർ,
പനംപിള്ളി നഗർ, കൊച്ചി,
എറണാകുളം– 682 036. } അപ്പീൽ ഹർജിക്കാരൻ

Vs

1. സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ &
   വില്ലേജ് ഓഫീസർ,
   വില്ലേജ് ഓഫീസ്, മയ്യനാട്,
   കൊല്ലം.

2. അപ്പീൽ അധികാരി &
   തഹസീൽദാർ,
   താലൂക്ക് ഓഫീസ്,
   കൊല്ലം ജില്ല.

} എതിർകക്ഷികൾ

| | |
|---|---|
| 6(1) അപേക്ഷ നൽകിയ തീയതി | 12.03.2015 |
| മറുപടി ലഭ്യമാക്കിയ തീയതി | 10.04.2015 |
| ഒന്നാം അപ്പീൽ അപേക്ഷ നൽകിയ തീയതി | 01.05.2015 |
| മറുപടി ലഭ്യമാക്കിയ തീയതി | 30.05.2015 |
| രണ്ടാം അപ്പീൽ അപേക്ഷ നൽകിയ തീയതി | 05.06.2015 |
| കമ്മീഷനിൽ അപ്പീൽ ലഭ്യമായ തീയതി | 08.06.2015 |

## ഉത്തരവ്

അപ്പീൽ ഹർജിക്കാരൻ ഒന്നാം എതിർകക്ഷിയായ മയ്യനാട് വില്ലേജ് ഓഫീസർക്കു 12.03.2015 ൽ നൽകിയ വിവരാവകാശ അപേക്ഷയിൽ നാലു കാര്യങ്ങൾ രേഖപ്പെടുത്തിയിരുന്നു. അതിൽ മൂന്നു കാര്യങ്ങളിലും ചില പ്രസ്താവനകൾ നടത്തുകയാണ് ചെയ്തിട്ടുള്ളത്. നാലാം ഇനമായി ചേർത്തിട്ടുള്ള കാര്യത്തിൽ മാത്രമാണ് ചോദ്യം ഉന്നയിച്ചിട്ടുള്ളത്. സർവെ നമ്പർ 7472, 7473 (റീസർവെ നമ്പർ 389/6) ൽ പ്പെട്ട വസ്തുവകകൾ ഹിന്ദു പിൻതുടർച്ചാവകാശ നിയമത്തിലെ വ്യവസ്ഥകൾ പ്രകാരം ശ്രീ. പി.കെ ഗോവിന്ദൻ എന്നയാളുടെ ഇന്നു ജീവിച്ചിരിക്കുന്ന അവകാശികളുടെ പേരി ലേക്ക് പോക്കുവരവു ചെയ്യുന്നതിന് നിയമതടസ്സമുണ്ടോ എന്നതാണ് പ്രസ്തുത ചോദ്യം.

2. അപ്പീൽ ഹർജിക്കാരൻ പരാമർശിക്കുന്ന 389/6 ൽ പ്പെട്ട 49.40 ആർസ് സ്ഥലം “മയ്യനാട് ചേരിയിൽ ഹൈസ്കൂളിനു വേണ്ടി കോദാരി” എന്നു രേഖപ്പെടുത്തിയിട്ടുള്ളതിനാൽ പി.കെ. ഗോവിന്ദന്റെ അനന്തരാവകാശികളുടെ പേർക്ക് പോക്കുവരവു ചെയ്യാൻ സാധ്യതയില്ലാത്തതാണ് എന്നായിരുന്നു ഒന്നാം എതിർകക്ഷി മറുപടി നൽകിയത്.

3. ഇതിനെതിരെ ടിയാൻ 01.05.2015 ൽ രണ്ടാം എതിർകക്ഷിക്ക് അപ്പീൽ നൽകിയെങ്കിലും, ഒന്നാം എതിർകക്ഷി നൽകിയ മറുപടി ശരിവച്ചു കൊണ്ടാണ് രണ്ടാം എതിർകക്ഷി അപ്പീലിൽ തീർപ്പു കൽപ്പിച്ചത്. ഇതിനെതിരെയാണ് ടിയാൻ 05.06.2015 ൽ കമ്മീഷന് അപ്പീൽ നൽകിയത്.

4. ഇതുമായി ബന്ധപ്പെട്ട് കമ്മീഷൻ 15.12.2015 ൽ എതിർകക്ഷികളോട് റിപ്പോർട്ട് ആവശ്യപ്പെട്ടു. ഇതിന് 29.12.2015 ന് ഒന്നാം എതിർകക്ഷി മറുപടി നൽകി. അപ്പീൽ ഹർജിക്കാരന്റെ വിവരാവകാശ അപേക്ഷയ്ക്ക് ഓഫീസിൽ ലഭ്യമായ എല്ലാ വിവരങ്ങളും നിശ്ചിത സമയത്തിനുള്ളിൽ നൽകിയിട്ടുള്ളതാണെന്ന് റിപ്പോർട്ടിൽ പറഞ്ഞു. അപ്പീൽ ഹർജിക്കാരനു നൽകിയ

മറുപടിയുടെ പകർപ്പും ഒന്നാം എതിർകക്ഷി റിപ്പോർട്ടിനൊപ്പം നൽകിയിട്ടുണ്ട്.

5 ഇതിനുശേഷം കമ്മീഷൻ 07.01.2019 ൽ കൊല്ലം കളക്ടറേറ്റിൽ ഹിയറിങ്ങ് നടത്തി. രണ്ടു കക്ഷികളും ഹിയറിങ്ങിൽ പങ്കെടുത്തു.

6. താൻ ആവശ്യപ്പെട്ട പ്രകാരം പോക്കുവരവു നടത്തുന്നതിന് കൊല്ലം ജില്ലാ കളക്ടർ ഉത്തരവിട്ടിരുന്നു. (സർവെ 3-34348/04 തീയതി 31.05.2005) വെന്നും, ഈ ഉത്തരവിന്റെ പകർപ്പ് ജില്ലാ സർവെ സൂപ്രണ്ട് ഓഫീസിലെ 01.11.2014 ലെ സർവെ 6-47846/14 നമ്പർ കത്തുപ്രകാരം തനിക്കു ലഭിച്ചിട്ടുണ്ടെന്നും, എന്നിട്ടും ഇത് വില്ലേജ് ഓഫീസർക്ക് ലഭിച്ചിട്ടില്ല എന്നാണു പറയുന്നതെന്നും അപ്പീൽ ഹർജിക്കാരൻ മൊഴി നൽകി.

7. എന്നാൽ ഭൂമിയുടെ അടിസ്ഥാന നികുതി രജിസ്റ്ററിൽ സ്ഥലം കോദാരിയുടെ പേരിലാണ് കിടക്കുന്നതെന്നും, അതുകൊണ്ട് ഇത് ശ്രീ.പി. കെ. ഗോവിന്ദന്റെ അനന്തരാവകാശികളുടെ പേരിൽ പോക്കുവരവു ചെയ്യാൻ സാധിക്കുകയില്ലെന്നും ഒന്നാം എതിർകക്ഷി മൊഴി നൽകി.

8. ഇരുകക്ഷികളുടെയും മൊഴികളും അനുബന്ധരേഖകളും കമ്മീഷൻ വിശദമായി പരിശോധിച്ചു. അതിൽ നിന്ന് കമ്മീഷൻ താഴെ പറയുന്ന നിഗമനങ്ങളിൽ എത്തിച്ചേർന്നു.

9. സ്ഥലം പോക്കുവരവു ചെയ്യുന്നതിന് തടസ്സമുണ്ടോ എന്ന സംശയമാണ് അപ്പീൽ ഹർജിക്കാരൻ ഉന്നയിച്ചത്. വിവരാവകാശ നിയമപ്രകാരം സംശയനിവൃത്തി വരുത്തേണ്ട കാര്യമില്ലാത്തതാണ്. എന്നാൽ ഇങ്ങനെ മാറ്റി പോക്കുവരവു നടത്തുന്നതിന് ആശ്രയിക്കാവുന്ന ജില്ലാ കളക്ടറുടെ ഉത്തരവ് ലഭിച്ചിട്ടില്ല എന്നതാണ് ഒന്നാം എതിർകക്ഷി ഉന്നയിക്കുന്ന വാദം. പക്ഷെ ഇത് ചെയ്യുന്നതിന് അനുമതി നൽകുന്ന ജില്ലാ കളക്ടറുടെ ഉത്തരവിന്റെ പകർപ്പ് ഫയലിൽ ഉൾപ്പെടുത്തിയിട്ടുണ്ട് എന്നു പറഞ്ഞാൽ, അപ്പീൽ ഹർജിക്കാരന്റെ ആവശ്യം സാധിച്ചുകൊടുക്കാൻ ഒന്നാം എതിർകക്ഷിക്കു കഴിയുന്നതാണ്.

10. ഇത് വസ്തുതയാണെങ്കിലും, കളക്ടറുടെ ഉത്തരവിന്റെ വെളിച്ചത്തിൽ പോക്കുവരവു നടത്തി വിവരം നൽകണം എന്നു നിർദേശിക്കാൻ കമ്മീഷന് അധികാരമില്ല. ഒന്നാം എതിർകക്ഷിയുടെ ഓഫീസിൽ പരാമർശിത കാലയളവിൽ ഉണ്ടായിരുന്ന രേഖകൾ പ്രകാരം ടിയാൻ വസ്തുതാപരമായ മറുപടി നൽകിയിട്ടുണ്ട്. അതുകൊണ്ട് മറ്റു നടപടികളെടുക്കാൻ കമ്മീഷന് കഴിയുകയില്ല.

11. അതുകൊണ്ട് ടി രേഖകൾ വച്ച് പോക്കുവരവു നടത്തി കിട്ടുന്നതിന് അപ്പീൽ ഹർജിക്കാരൻ റവന്യൂ മേലധികാരികളെ സമീപിക്കേണ്ടതാണെന്നും കമ്മീഷൻ നിർദേശിക്കുന്നു.

12. മേല്പറഞ്ഞ പ്രകാരം അപ്പീൽ ഹർജിയിന്മേൽ തുടർ നടപടികൾ അവസാനിപ്പിച്ചുകൊണ്ട് കമ്മീഷൻ ഇന്നേദിവസം 13.01.2020 ന് ഉത്തരവാകുന്നു.

(ഒപ്പ്)

**കെ.വി. സുധാകരൻ,**
**സംസ്ഥാന വിവരാവകാശ കമ്മീഷണർ**

**സാക്ഷ്യപ്പെടുത്തിയ പകർപ്പ്**

STATE INFORMATION COMMISSION ★ KERALA THIRUVANANTHAPURAM ★

**കമ്മീഷൻ സെക്രട്ടറി**

re